# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2876

13/07/2015 ൽ മറുപടിക്ക്

**എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നടപടി**

**ചോദ്യം :**

**ശ്രീ. ബാബു. എം. പാലിശ്ശേരി**

(എ) സംസ്ഥാനത്ത് പല ഡിപ്പാർട്ടുമെന്റുകളിലും ഉയർന്ന തസ്തികകൾ പ്രമോഷൻ വഴി നികത്താതെ ഒഴിച്ചിടുന്നതുമൂലം ഫീഡർ തസ്തികയായ എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന തസ്തികകളിലേക്ക് സമയബന്ധിതമായി പ്രൊമോഷൻ നൽകി അവ നികത്തുന്നതിനും അതു വഴി എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)യും (സി)യും കോടതി വിധി, സീനിയോറിറ്റി തർക്കങ്ങൾ, യോഗ്യരായ ജീവനക്കാരുടെ അഭാവം എന്നിവ പ്രൊമോഷൻ നൽകുന്നതിന് തടസ്സമാകുന്ന ചില കാരണങ്ങളാണ്. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി റിട്ടയർമെന്റ്, പ്രൊമോഷൻ എന്നിവ മൂലം എൻട്രീ കേഡറിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒരു വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ കാലാകാലങ്ങളിൽ സർക്കാർ സർക്കുലറുകൾ പുറപ്പെടുവിക്കുന്നുണ്ട്. ഇതു കൂടാതെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും സർക്കാർ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**